**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 307** **27-10-2021 - ൽ മറുപടിയ്ക്ക്**

**ആയുർവേദ, അലോപ്പതി മരുന്നുകളുടെ ഉല്പാദനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. കെ.പി.മോഹനൻ,**<br>**ശ്രീ തോമസ് കെ തോമസ്,**<br>**ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി** | | **Smt Veena George**<br>**(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് ആയുർവേദ, അലോപ്പതി മരുന്നുകളുടെ ഉല്പാദനത്തിന് സിറം ഇൻസ്റ്റിറ്റ്യൂട്ടിന്റെ മാതൃകയിൽ സംവിധാനം ഒരുക്കുമോ; | (എ) | അലോപ്പതി മരുന്ന് നിർമ്മാണ യൂണിറ്റുകൾ മറ്റ് സംസ്ഥാനങ്ങളെ അപേക്ഷിച്ച് കേരളത്തിൽ വളരെ കുറവാണ്. ആലപ്പുഴയിൽ പ്രവർത്തിക്കുന്ന കേരള സ്റ്റേറ്റ് ഡ്രഗ്സ് ആന്റ് ഫാർമസ്യൂട്ടിക്കൽ ലിമിറ്റഡ് ഉൽപ്പാദിപ്പിക്കുന്ന 54 ഇനം മരുന്നുകൾ കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ വഴി വിതരണം ചെയ്തു വരുന്നു. സംസ്ഥാനത്ത് സ്വകാര്യ മേഖലയിൽ അലോപ്പതി / ആയുർവ്വേദ നിർമ്മാണ യൂണിറ്റുകൾ പ്രവർത്തനമാരംഭിക്കാൻ പ്രമുഖ മരുന്ന് നിർമ്മാണ കമ്പനികൾ തയ്യാറാകുന്ന പക്ഷം ലൈസൻസ് അനുവദിക്കുന്നത് ഉൾപ്പെടെയുള്ള നടപടികൾ പരിശോധിച്ച് തീരുമാനിക്കുന്നതായിരിക്കും. |
| (ബി) | മരുന്ന് ഗവേഷണത്തിന് പ്രത്യേക പദ്ധതി നടപ്പാക്കുമോ; എങ്കിൽ വിശദാംശം നൽകുമോ; | (ബി) | അലോപ്പതി മരുന്ന് നിർമ്മാണ യൂണിറ്റുകൾ മറ്റ് സംസ്ഥാനങ്ങളെ അപേക്ഷിച്ച് കേരളത്തിൽ വളരെ കുറവാണ്. ആലപ്പുഴയിൽ പ്രവർത്തിക്കുന്ന കേരള സ്റ്റേറ്റ് ഡ്രഗ്സ് ആന്റ് ഫാർമസ്യൂട്ടിക്കൽ ലിമിറ്റഡ് ഉൽപ്പാദിപ്പിക്കുന്ന 54 ഇനം മരുന്നുകൾ കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ വഴി വിതരണം ചെയ്തു വരുന്നു. സംസ്ഥാനത്ത് സ്വകാര്യ മേഖലയിൽ അലോപ്പതി / ആയുർവ്വേദ നിർമ്മാണ യൂണിറ്റുകൾ പ്രവർത്തനമാരംഭിക്കാൻ പ്രമുഖ മരുന്ന് നിർമ്മാണ കമ്പനികൾ തയ്യാറാകുന്ന പക്ഷം ലൈസൻസ് അനുവദിക്കുന്നത് ഉൾപ്പെടെയുള്ള നടപടികൾ പരിശോധിച്ച് തീരുമാനിക്കുന്നതായിരിക്കും. |
| (സി) | മരുന്നുകളുടെ ഗവേഷണം, ഉല്പാദനം, വിതരണം എന്നിവയ്ക്ക് കാര്യക്ഷമമായ സംവിധാനം ഏർപ്പെടുത്തുമോ? | (സി) | മരുന്നുകളുടെ ഗവേഷണം, ഉല്പാദനം, വിതരണം എന്നിവ നിയന്ത്രിക്കുന്നത് രാജ്യമൊട്ടാകെ പ്രാബല്യത്തിലുള്ള ഡ്രഗ്സ് & കോസ്മെറ്റിക്സ് ആക്ടിലെ വ്യവസ്ഥകൾ പ്രകാരമാണ്. മരുന്ന് ഉൽപ്പാദന രംഗത്ത് ലോകമെമ്പാടും സ്വീകരിച്ച |

| | | | |
|---|---|---|---|
| | | | വരുന്ന മാതൃകകൾ തന്നെയാണ് രാജ്യത്ത് മരുന്ന് ഉൽപ്പാദനം/ വിതരണം എന്നിവ നടപ്പിലാക്കുന്നതിന് അവലംബിച്ച് വരുന്നത്. മേൽ നിയമത്തിലെ വ്യവസ്ഥകളിൽ കാലാകാലങ്ങളായി ഭേദഗതി വരുത്തി മരുന്നുകളുടെ ഗവേഷണം, ഉല്പാദനം, വിതരണം എന്നിവ കാര്യക്ഷമമാക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ